# Firefox Tips

## അടഞ്ഞുപോയ ഫയർഫോക്സ്, ഗൂഗിൾക്രോം ടാബുകളും വിൻഡോകളും വീണ്ടും തുറക്കാൻ

ചില സമയങ്ങളിൽ നാം അറിയാതെ തന്നെ ബ്രൌസറിൻറെ ക്ലോസ് ബട്ടൻ ഞെക്കുകയോ, അല്ലെങ്കിൽ CTRL+W എന്ന കീബോർഡ് കുറുക്കുവഴി അബദ്ധത്തിൽ ഞെക്കുകയോ ചെയ്യാറുണ്ട്. അത്തരം അവസരങ്ങളിൽ ആ പേജ് തിരികെ കിട്ടാൻ എന്താ ഒരു എളുപ്പവഴി?

ഫയർഫോക്സ് ബ്രൌസറിലും ഗൂഗിൾ ക്രോം ബ്രൌസറിലും **CTRL+SHIFT+T** എന്ന് അമർത്തിയാൽ ഇതിനു മുൻപ് ആ വിൻഡോയിൽ അടച്ച ഓരോ ടാബുകളായി തുറന്നുവരും. (പുതിയ ഒരു ടാബ് തുറക്കാനുള്ള കുറുക്കു വഴി CTRL+T ആണ് എന്നത് ഓർക്കുമല്ലോ.)

അതുപോലെ, തൊട്ടു മുൻപ് അടഞ്ഞുപോയ ഒരു വിൻഡോ തിരികെ എടുക്കണമെങ്കിൽ **CTRL+SHIFT+N** എന്ന് അമർത്തിയാൽ മതി. പുതിയ ഒരു വിൻഡോ തുറക്കാൻ CTRL+N ആണല്ലോ.

## Padma

യൂണിക്കോഡ് അല്ലാത്ത ഇന്ത്യൻ ഭാഷകളിലെ റ്റെക്സ്റ്റ് യൂണിക്കോഡിലേക്ക് പരിവർത്തനപ്പെടുത്തുന്ന സാങ്കേതിക വിദ്യയാണ് പദ്മ. മലയാളം, തെലുങ്ക്, തമിഴ്, ദേവനാഗരി, ഗുജറാത്തി തുടങ്ങിയ ലിപികൾ പദ്മ സപ്പോർട്ട് ചെയ്യുന്നു. മലയാളമനോരമ അടക്കം യൂണിക്കോഡിലേക്ക് ഇനിയും വരാത്ത പത്രങ്ങളും മറ്റു സൈറ്റുകളും പദ്മ ഉപയോഗിച്ച് നമുക്ക് വായിക്കാം. ഫയർഫോക്സ് 3 ന്റെ തുടക്കത്തിൽ പദ്മ എക്സ്റ്റൻഷൻ പ്രവർത്തിക്കുകയുണ്ടായിരുന്നില്ല. ഇപ്പോൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ഇവിടെ നിന്നും ഡൌൺലോഡ് ചെയ്യാം.
url : https://addons.mozilla.org/en-US/firefox/addon/padma/

## Adblock Plus -

വായന ദുഷ്കരമാക്കും വിധം ബ്രൌസറിൽ നിറയുന്ന പരസ്യങ്ങളും ബാനറുകളും ഒന്നൊഴിവായിക്കിട്ടിയിരുന്നെങ്കിലെന്ന് പലപ്പോഴും തോന്നാറില്ലേ? ഈ പരസ്യങ്ങൾ കാരണം പേജ് ലോഡാവാൻ ഏറെനേരമെടുക്കുന്നത് അസഹ്യമല്ലേ? പരിഹാരം ആഡ്ബ്ലോക്ക് പ്ലസ്.ഇവിടെ നിന്നും ആഡ്ബ്ലോക്ക് പ്ലസ് ഫയർഫോക്സിലേക്ക് ചേർക്കുക. ഫയർഫോക്സ് നാവിഗേഷൻ റ്റൂൾ ബാറിൽ ABP എന്ന ചുവന്ന ഐക്കൺ പ്രത്യക്ഷമാകും. പരസ്യങ്ങൾ ഒഴിവാക്കപ്പെടണം എന്നാഗ്രഹിക്കുന്ന സൈറ്റുകളുടെ URL ഇനിപ്പറയും വിധം കൊടുത്താൽ മതി. ABP ഐക്കണോടുള്ള ചേർന്നുള്ള ഡൌൺ ആരോ ക്ലിക്ക് ചെയ്ത് Preferences > Click Add Filter > URL ചേർക്കുക > OK. ഇനിയും വല്ല ബാനറുകളും ശേഷിക്കുന്നുണ്ടെങ്കിൽ ആ ബാനറിലോ ഇമേജിലോ റൈറ്റ് ക്ലിക്ക് ചെയ്ത് കോൺറ്റെക്സ്റ്റ് മെനുവിലെ Adblock Image ൽ ക്ലിക്ക് ചെയ്താൽ മതി.
url : https://addons.mozilla.org/en-US/firefox/addon/adblock-plus/

## DownThemAll! -

400% ശതമാനം അധികവേഗതയിൽ ഡൌൺ ചെയ്യാം എന്നവകാശപ്പെടുന്ന ഒരു ഡൌൺലൊഡ് മാനേജരാണിത്. ഉപയോഗിക്കാൻ വളരെ എളുപ്പം. ഈ ആഡോൺ ഇവിടെ നിന്ന് ആഡ് ചെയ്യുക. പിന്നീട് ഡൌൺ ചെയ്യുന്ന സമയത്ത് ഡയലോഗ് ബോക്സിൽ നിന്ന് DownThemAll!സെലക്റ്റ് ചെയ്യുക. ഡെസ്റ്റിനേഷൻ നിർണ്ണയിക്കുക. Pause, Resume സൌകര്യം ഉള്ളതിനാൽ എപ്പോൾ വേണമെങ്കിലും ഡൌൺ ലോഡ് ചെയ്യാം.
url : https://addons.mozilla.org/en-US/firefox/addon/downthemall/

## Video DownloadHelper –

Youtube മുതലായ സൈറ്റുകളിൽ നിന്നും മറ്റും വീഡിയോ, ഇമേജുകൾ മുതലായവ അനായസം ഡൌൺലോഡ് ചെയ്യാൻ ഈ എക്സ്റ്റൻഷൻ അത്യുത്തമം. വീഡിയോ, ഇമേജുകൾ ഉള്ള ഒരു സൈറ്റ് നാം ബ്രൌസ് ചെയ്യുമ്പോൾ വീഡിയോ ഡൌൺലൊഡ് ഹെൽപ്പർ അതിലെ കണ്ടന്റ് സ്വയമേ കണ്ടെത്തി ഡൌൺലോഡ് ചെയ്യാൻ നമ്മെ സഹായിക്കുന്നു. സൈറ്റിലെ മുഴുവൻ വീഡിയോ/ ഇമേജുകൾ നമുക്ക് ഒറ്റത്തവണയായി വേണമെങ്കിലു ഡൌൺലോഡ് ചെയ്യാം.
ഇവിടെ നിന്നും ഇത് ആഡ് ചെയ്യുക. പിന്നീട് വീഡിയോ/ഇമേജ് കണ്ടന്റുള്ള പേജ് ബ്രൌസ് ചെയ്യുമ്പോൾ നാവിഗേഷൻ ബാറിലെ ഐക്കൺ നൃത്തം തുടങ്ങും. അതിനോട് ചേർന്നുള്ള ഡൌൺ ആരോയിൽ ക്ലിക്ക് ചെയ്ത് ഇഷ്ടമുള്ള ഫയൽ ഡൌൺലോഡ് ചെയ്യാം. Firefox>Tools>DownloadHelper>Preferences എടുത്താൽ ഡൌൺലോഡ് ഡയറക്ടറിയും മറ്റും സെറ്റ് ചെയ്യാം.
url : https://addons.mozilla.org/en-US/firefox/addon/video-downloadhelper/

## Better Gmail 2 0.6

നമ്മുടെ ജീ മെയിലിന്റെ അപ്പിയറൻസും മറ്റും കസ്റ്റമൈസ് ചെയ്യാം ഈ ആഡ്ഓൺ ഇൻസ്റ്റോൾ ചെയ്യുന്നതിലൂടെ. ഇവിടെ നിന്നും ഇൻസ്റ്റോൾ ചെയ്യുക. എന്നിട്ട് Firefox>Tools>Add-ons>Extensions റ്റാബ് ക്ലിക്ക് ചെയ്ത് Better Gmail 2 സെലക്റ്റ് ചെയ്ത് ഓപ്റ്റൊൻസ് എടുക്കുക. General, Messages, Skins, Compose, Sidebar എന്നിങ്ങനെ 5 റ്റാബുകളിലായി നിരവധി ഓപ്ഷനുകൾ കാണാം. വേണ്ടത് സെറ്റ് ചെയ്ത് ജീ മെയിൽ വിൻഡോ റിഫ്രഷ് ചെയ്താൽ ഫലം അറിയാം.
url : https://addons.mozilla.org/en-US/firefox/addon/better-gmail-2/

വെബ്സൈറ്റുകൾ 3D വ്യൂവിൽ കാണാൻ ....
നിങ്ങളുടെ കമ്പ്യൂട്ടറിൽ എന്തായാലും ഫയർഫോക്സ് ബ്രൌസർ ഉണ്ടാവും. ഇല്ലെങ്കിൽ ഇപ്പോൾ തന്നെ ഇവിടെ പോയി ഇൻസ്റ്റാൾ ചെയ്യുക.ഫയർഫോക്സിൽ പ്രവർത്തിക്കുന്ന ഒരു ആഡ്-ഓൺ പരിചയപ്പെടുത്താനാണ് ഈ പോസ്റ്റ്. നമ്മൾ ഒരേ സമയം ഒന്നിൽ കൂടുതൽ വെബ്സൈറ്റുകൾ തുറന്ന് വെക്കാറുണ്ടല്ലോ. ആ സൈറ്റുകളെല്ലാം ഒരേ ജാലകത്തിൽ 3 ഡി ആയി കാണാൻ സഹായിക്കുന്ന ഫോക്സ്റ്റാബ് എന്ന ആഡ്-ഓൺ ആണ് ഇത്. ഇവിടെ നിന്ന് ഇൻസ്റ്റാൾ ചെയ്ത് ഫയർഫോക്സ് റീ-സ്റ്റാർട്ട് ചെയ്യുക.

ഇനി നിങ്ങൾ ഫയർഫോക്സ് ബ്രൌസറിൽ ഒന്നിൽ കൂടുതൽ ടാബുകളിൽ സൈറ്റുകൾ തുറക്കുക. എന്നിട്ട് മേലെയുള്ള ടാബ് ബാറിൽ താഴെ ചിത്രത്തിൽ അടയാളപ്പെടുത്തിയ ഐക്കണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ എല്ലാ സൈറ്റുകളും ഒരേ ജാലകത്തിൽ കാണാൻ പറ്റും
url : https://addons.mozilla.org/en-US/firefox/addon/foxtab/



## ഫയർഫോക്സിൽ നിങ്ങളുടെ ഐ.പി അഡ്രസ്

ഫയർഫോക്സിൽ നിങ്ങളുടെ ഐ.പി അഡ്രസ് കാണിക്കുന്നതിനുപയോഗിക്കാവുന്ന എക്സ്റ്റൻഷനാണ് Your IP. ഇതുപയോഗിച്ചാൽ സ്റ്റാറ്റസ് ബാറിൽ നിങ്ങളുടെ ഐ.പി അഡ്രസ് സ്ഥിരമായി കാണിക്കാം.
https://addons.mozilla.org/en-US/firefox/addon/your-ip

## ഗൂഗിൾ മാപ്പ് ഫയർഫോക്സിൽ ആഡ് ചെയ്യാൻ

url : https://addons.mozilla.org/en-US/firefox/addon/full-map/?src=search

**Greasemonkey** – ഇനി വെബ്സൈറ്റ്-കൾ എങ്ങനെ ഇരിക്കണം എന്ന് നിങ്ങൾക്ക് തീരുമാനിക്കാം. കുറച്ച് JavaScript അറിയാമെങ്കിൽ നമ്മൾ ആഗ്രഹിക്കുന്ന പോലെ വെബ്സൈറ്റ്-കളെ മാറ്റാൻ Greasemonkey സഹായിക്കും. JavaScript അറിയില്ലെങ്കിലും കുഴപ്പമില്ല http://userscripts.org എന്ന വെബ്സൈറ്റ്-ൽ നിന്ന് ഉപകാരപ്രദമായ നൂറുകണക്കിന് Greasemonkey സ്ക്രിപ്റ്റ്-കൾ നമുക്ക് ഡൌൺലോഡ് ചെയ്യാൻ സാധിക്കും. Greasemonkey ഇൻസ്റ്റാൾ ചെയ്യാൻ ഇവിടെ ഞെക്കുക.

url : https://addons.mozilla.org/en-US/firefox/addon/greasemonkey/

**Yoono** – Facebook, Twitter, LinkedIn, MySpace, YouTube, GoogleBuzz, Flickr തുടങ്ങിയ പല പല social network-കളും instant messaging-ഉം എല്ലാം ഒരൊറ്റ സ്ഥലത്ത് അതായത് ഫയർഫോക്സ്-ൻറെ സൈഡ്ബാർ-ൽ കാണാൻ Yoono എന്ന ഈ ആഡ്-ഓൺ വഴി സാധിക്കും. Yoono എന്ന ഈ ആഡ്-ഓൺ-നെക്കുറിച്ച് കൂടുതൽ അറിയാനും ഇൻസ്റ്റാൾ ചെയ്യാനുമൊക്കെ ഇവിടെ ഞെക്കുക.

url : https://addons.mozilla.org/en-US/firefox/addon/yoono-twitter-facebook-linkedi/

**NoScript** – XSS, CSRF, Clickjacking തുടങ്ങിയ അറ്റാക്ക്-കളിൽ നിന്ന് ഫയർഫോക്സ്-നെ സംരക്ഷിക്കാൻ NoScript എന്ന ആഡ്-ഓൺ-നു കഴിയും. കുറച്ച് കൂടി മനസ്സിലാകുന്ന ഭാഷയിൽ പറയുവാണേൽ കുറച്ച് നാളുകൾക്ക് മുമ്പ് ഓർക്കുട്ട്-ൽ ഒരു വൈറസ് കയറിയില്ലേ അത് പോലുള്ള വൈറസ്-കളിൽ നിന്ന് NoScript-നു നമ്മെ സംരക്ഷിക്കാൻ കഴിയും. NoScript ഇൻസ്റ്റാൾ ചെയ്യാൻ ഇവിടെ ഞെക്കുക.

url : https://addons.mozilla.org/en-US/firefox/addon/noscript/

ഇതു പോലുള്ള ആയിരക്കണക്കിന് ആഡ്-ഓൺ-കൾ ഫയർഫോക്സ്-നു വേണ്ടി ലഭ്യമാണ്. അവയിൽ ചിലതിനെക്കുറിച്ച് മാത്രമാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. കൂടുതൽ ആഡ്-ഓൺ-കളെക്കുറിച്ച് അറിയുന്നതിനും ഇൻസ്റ്റാൾ ചെയ്യുന്നതിനും ഒക്കെ ഇവിടെ ഞെക്കുക.

url : https://addons.mozilla.org/en-US/fir

prepared by sunil george ,ghs muttom blog